പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1435 — 03.12.2018-ൽ മറുപടിക്ക്

മലപ്പുറം ജില്ലയ്ക്കായുള്ള റിവർ മാനേജ്മെന്റ് ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റിവർ മാനേജ്മെന്റ് ഫണ്ടിൽ മലപ്പുറം ജില്ലയ്ക്കായി എത്ര രൂപയാണ് നിലവിൽ നീക്കിയിരിപ്പ് ഉള്ളത്; വ്യക്തമാക്കാമോ; | (എ) | 31/10/2018 വരെയുള്ള കണക്ക് പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിൽ 82,45,668/- (എൺപത്തി രണ്ട് ലക്ഷത്തി നാൽപ്പത്തഞ്ചായിരത്തി അറുന്നൂറ്റി അറുപത്തി എട്ട്) രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുത്ത അമ്പത് കോടിയിൽപരം രൂപയിൽ നിന്നും സർക്കാർ അഞ്ച് കോടി രൂപ തിരികെ നൽകിയിട്ടുണ്ട്. ആയത് STSB അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള ബില്ലുകൾ ജില്ലാ കലക്ടർ ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | മുൻ സർക്കാർ പ്രസ്തുത ഫണ്ട് മലപ്പുറം ജില്ലയിൽ ഉപയോഗിക്കാതെ മറ്റ് ജില്ലകളിൽ ചെലവഴിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ബി) | ചിലവഴിച്ചിട്ടില്ല. |
| (സി) | പ്രളയത്തിൽ ഒലിച്ചുപോയ മൂർക്കനാട് സ്കൂൾ കടവ് നടപ്പാലത്തിന് പകരം മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഗതാഗത യോഗ്യമായ കോൺക്രീറ്റ് പാലം വേണമെന്നഭ്യർത്ഥിച്ച് 2230 വിദ്യാർത്ഥികളും മൂർക്കനാട് ആക്ഷൻ കമ്മിറ്റിയും നൽകിയ നിവേദനത്തിന്മേൽ എടുത്ത നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ; തുടർ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത നിവേദനത്തിൻമേൽ റിപ്പോർട്ട് ലഭ്യമാക്കാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**